2. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.)

കെ.എച്ച്.ആർ.ഐ.-യെ ഉന്നതനിലവാരമുള്ള റിസർച്ച് വിംഗായി ഉയർത്തും. ഡി.ആർ.ഐ.ക്യു. (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ), ആർക്കിടെക്ചറൽ വിംഗ് എന്നിവയെ കെ.എച്ച്.ആർ.ഐ.-യുടെ കീഴിൽക്കൊണ്ടുവരുന്നതാണ്. ഡി.ആർ.ഐ.ക്യു.-വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്.

3. വിജിലൻസ് വിംഗ്

പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

4. ഇ-ടെണ്ടറും-ഇ-പേമെന്റും

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പ് വരുത്തുന്നതിന് ഇ-ടെണ്ടറും, ഇ-പേമെന്റും നടപ്പിലാക്കും.

5. പൊതുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഡി&ഇ) ഇതിനാവശ്യമായ സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. ടോൾ ഫ്രീ കാൾ സെന്റർ പ്രവർത്തനം സജീവമാണ്.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി ആരോഗ്യ-സാമൂഹ്യ സുരക്ഷാ പദ്ധതി

29 (*89) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എൻഡോസൾഫാൻ ബാധമൂലം മരിച്ചവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ട് ;

(സി) എൻഡോസൾഫാൻ ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച ആരോഗ്യ-സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഡി) രോഗബാധിതരായ എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കിടപ്പിലായ രോഗികളുടെ സാന്ത്വനപരിചരണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(എഫ്) രോഗബാധിതർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശം നൽകുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എൻഡോസൾഫാൻ ദുരിതബാധിത പരിഹാര സെല്ലിലേക്ക് 2006-ൽ 50 ലക്ഷം രൂപ അനുവദിച്ചു. ഈ തുക ഉപയോഗിച്ച് വിവിധ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിവിധ വർഷങ്ങളിലായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ പുനരധിവാസത്തിനായി നൽകി. ഈ ഫണ്ട് ഉപയോഗിച്ച് പ്രൈമറി ഹെൽത്ത് സെന്ററിലെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെയും രോഗികൾക്ക് തുടർചികിത്സ നൽകിവരുന്നു. വൈകല്യം സംഭവിച്ച ദുരിതബാധിതരിൽ അർഹരായവർക്ക് 300 രൂപ പ്രതിമാസ വികലാംഗ പെൻഷനും ഇതിനുപുറമെ സാമൂഹ്യക്ഷേമ വകുപ്പുവഴി രോഗബാധിതർക്ക് അധിക സഹായമായി 400 രൂപയും രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപ സഹായവും നൽകി. ഇതുകൂടാതെ ആരോഗ്യവകുപ്പുനടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ്പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗങ്ങളുള്ളവരും തൊഴിലെടുക്കാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട വകുപ്പ് കളിൽനിന്നും വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1,700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,000 രൂപയും ദുരിതബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1,000 രൂപവീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6-12-2010-ന് ഉത്തരവായിട്ടുണ്ട്. കൂടാതെ സ.ഉ.(സാധാ) നമ്പർ 5216/10/റവ തീയതി 3-12-2010 പ്രകാരം ദുരിതബാധിതർക്ക് സൗജന്യ റേഷൻ അനുവദിക്കുകയും ഇതിന് കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 9-4-2010-ൽ എൻഡോസൾഫാൻ ദുരന്തനിവാരണത്തിനായി അനുവദിച്ച 1.25 കോടി രൂപയിൽനിന്നും 20 ലക്ഷം രൂപ ഉപയോഗിച്ച് പ്രത്യേക സാന്ത്വന ചികിത്സാ പദ്ധതി നടപ്പാക്കി. ഇതിന്റെ ഭാഗമായി കിടപ്പിലായ രോഗികളെ വീട്ടിലെത്തി പരിചരിക്കുന്ന ഒരു മൊബൈൽ മെഡിക്കൽ സംഘം പ്രവർത്തിച്ചുവരുന്നു. ആയുർവേദ, അലോപ്പതി, ഹോമിയോ ഡോക്ടർമാരും ഫിസിയോ തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, സ്പീച്ച് തെറാപ്പിസ്റ്റ്, ബുദ്ധിമാന്ദ്യം സംഭവിച്ച വർക്കുള്ള പ്രത്യേക പരിശീലകർ എന്നിവർ അടങ്ങിയ സംഘം പ്രതിമാസം ഒരു പഞ്ചായത്തിൽ രണ്ട് ദിവസംവീതം പതിനൊന്ന് പഞ്ചായത്തുകളിലുമെത്തി രോഗികളെ ചികിത്സിച്ചുവരുന്നു. താലോലം പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധ ആശുപത്രികൾമുഖേന ഒരു രോഗിക്ക് 50000 രൂപ വരെ സൗജന്യ ചികിത്സക്കായി നൽകുന്നുണ്ട്. എൻഡോസൾഫാൻ ബാധിത

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലെ ഓരോ സബ് സെന്ററുകളിലും 2 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെയും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും സേവനം ലഭ്യമാക്കുന്നതിനായി 24 മെയിൽ നഴ്സ്, 69 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, 30 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 12 ഫിസിയോ തെറാപ്പിസ്റ്റ്, ഒരു എക്സ്റേ ടെക്നീഷ്യൻ എന്നിവരെ എൻ.ആർ.എച്ച്.എം.-വഴി നിയമിക്കുകയും ഇനിയും ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിലെ പി.എച്ച്.സി., സി.എച്ച്.സി., ജനറൽ ഹോസ്പിറ്റൽ കാസർഗോഡ്, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ കാഞ്ഞങ്ങാട് എന്നിവയുടെ സൗകര്യങ്ങളും സേവനങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കാസർഗോഡ് ജില്ലാ ആശുപത്രിയുടെ നവീകരണം പൂർത്തിയായി. സി.ടി. സ്കാൻ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഫിസിയോതെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. രോഗബാധിതർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെ സ്പെഷ്യലിസ്റ്റുകൾ പങ്കെടുത്ത മെഡിക്കൽ ക്യാമ്പുകൾ 11 പഞ്ചായത്തുകളിലുംനടത്തി. രോഗപരിശോധനക്കുശേഷം കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ളവർക്ക് മെഡിക്കൽ കോളേജുകളിലും മലബാർ ക്യാൻസർ സെന്ററിലും സൗകര്യമൊരുക്കി. അർഹരായ രോഗികളെകണ്ടെത്തി സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) എൻഡോസൾഫാൻ ബാധമൂലം മരണമടഞ്ഞ 178 പേരുടെ അവകാശികൾക്ക് 50000 രൂപ വീതം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം ഒന്നായി ചേർക്കുന്നു.*

(ഡി) രോഗബാധിതരായി 3435 പേരെ നിലവിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽപേർ രോഗികളായിവരുന്നപക്ഷം തുടർന്ന് ക്യാമ്പുകൾ നടത്തി രോഗികളെ ഉൾപ്പെടുത്തുന്നതായിരിക്കും.

(ഇ) സാന്ത്വന പരിചരണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ ടീം കിടപ്പിലായ രോഗികളുടെ വീട് സന്ദർശിച്ച് സാന്ത്വന ചികിത്സ നൽകുന്നുണ്ട്. ആയതിലേക്കായി 24 സ്റ്റാഫ് നഴ്സുമാരെ 11 പഞ്ചായത്തുകളിലെ ഗവൺമെന്റ് ആശുപത്രികളിൽ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(എഫ്) ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം എൻഡോസൾഫാൻമൂലം ഗുരുതരമായതും ദീർഘകാല ചികിത്സ ആവശ്യമുള്ളതുമായ രോഗങ്ങളുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വികലാംഗ പെൻഷനായി 300 രൂപ ലഭിക്കുന്നവർക്ക് 1,700 രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2,000 രൂപയും ദുരിത ബാധിതരിൽ രോഗികളായ മറ്റുള്ളവർക്ക് 1,000 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നതിന് 6-12-2010-ലെ സ.ഉ.(എം.എസ്.)നമ്പർ 89/2010/സാ.ക്ഷേ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly